LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: 18-6-2002-ന് അന്നത്തെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമന്ത്രിയും വനം വകുപ്പുമന്ത്രിയുമായി ആദിവാസി ക്ഷേമ സമിതി നടത്തിയ ചർച്ചയെ തുടർന്ന് ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥയിൽ കേസ് പിൻവലിക്കുന്നത് സംബന്ധിച്ച് സമര സമിതിയുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാം എന്ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി അറിയിച്ചു. ആ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ ആദിവാസികളുടെ പേരിൽ എടുത്ത കേസ്സുകൾ പിൻവലിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? കാരണം ഇപ്പോൾ ജയിലിലാണ് അവർ കഴിയുന്നത്. അവരെ ജാമ്യത്തിലിറക്കാൻ ആരും സന്നദ്ധരല്ല. സമരത്തിൽ പങ്കെടുക്കുക മാത്രമാണ് അവർ ചെയ്തത്. മോഷണം ഉൾപ്പടെയുള്ള എന്തെങ്കിലും തെറ്റൊന്നും അവർ ചെയ്തിട്ടില്ല. അതുകൊണ്ട് കേസ് പിൻവലിക്കാമെന്നുള്ള വാഗ്ദാനം അനുസരിച്ചുള്ള നടപടി സ്വീകരിക്കാമോ ?

ശ്രീ. എ. പി. അനിൽ കുമാർ: ബഹുമാനപ്പെട്ട അംഗം ഇവിടെ ഇത് ഉന്നയിച്ചുകൊണ്ട് ചോദിച്ചപ്പോൾ ഏതാണ്ട് വളരെയേറെ കേസുകൾ എടുത്തതായിട്ട് ചൂണ്ടിക്കാണിച്ചു. ആ കള്ള കേസുകൾ പിൻവലിക്കുമോ എന്നുള്ള ചോദ്യമാണ് പ്രധാനമായി ചോദിച്ചത്. കള്ളക്കേസ് എടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരത്തിലുള്ള കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടുകഴിഞ്ഞാൽ തീർച്ചയായിട്ടും അതിൽ സത്വര നടപടികളെടുക്കാൻ ഗവൺമെന്റിന് യാതൊരു മടിയുമില്ല.

മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കൽ നടക്കുന്ന സമയത്ത് സഭയിൽ ആരോഗ്യകരമല്ലാത്ത ചില പ്രവണതകൾ, ആത്മസംയമനം ഇല്ലാത്ത രീതിയിൽ ചില പദപ്രയോഗങ്ങൾ ഉണ്ടായിട്ടുണ്ട്. അത് വളരെ ദൗർഭാഗ്യകരമാണ്. ഇത് പരിശോധിച്ച് ഏത് ഭാഗത്ത് നിന്നുള്ളതായാലും അത് രേഖയിൽനിന്നും നീക്കം ചെയ്യുന്നതാണ്. പത്രങ്ങൾ ഇത് പ്രസിദ്ധീകരിക്കാനും പാടില്ല. നമ്മൾ പരസ്പരം പഴിചാരി സ്വയം അപമാനിതരാകാതിരിക്കാൻ ശ്രദ്ധിക്കണമെന്നാണ് എല്ലാ അംഗങ്ങളോടും വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

IV സബ്മിഷൻ

(1) പാപ്പിനിശ്ശേരി വെസ്റ്റേൺ ഇൻഡ്യ കോട്ടൺസ് തുറന്ന് പ്രവർത്തിപ്പിക്കണമെന്ന ആവശ്യം

ശ്രീ. ടി. കെ. ബാലൻ: കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിലുള്ള വെസ്റ്റേൺ ഇൻഡ്യ കോട്ടൺസ് കമ്പനി അടച്ചിട്ട് ഒന്നര വർഷം കഴിഞ്ഞു. മാനേജ്മെന്റും തൊഴിലാളി പ്രതിനിധികളുമായി ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിതന്നെ പതിനാല് തവണ ചർച്ച ചെയ്തു. പക്ഷെ ഇന്നേവരെ ഒരു തീരുമാനത്തിലും എത്താൻ സാധിച്ചിട്ടില്ല. അറുന്നൂറിൽ അധികം വരുന്ന തൊഴിലാളികളും നിരവധി കുടുംബങ്ങളും ഇന്ന് അക്ഷരാർത്ഥത്തിൽ തെരുവാധാരമായിരിക്കുകയാണ്; മുഴു പട്ടിണിയിലാണ്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മുൻകൈയെടുത്ത് തൊഴിൽ വകുപ്പുമന്ത്രിയേയും കൂട്ടിവിളിച്ച് മാനേജ്മെന്റുമായും തൊഴിലാളികളുമായും ഒരു ഹൈ ലെവൽ കോൺഫറൻസ് നടത്തുന്നതിന് അങ്ങേയറ്റം പരിഗണന നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം വളരെ ഗൗരവമായിട്ടുള്ള സംഗതിയാണ്. തൊഴിൽ വകുപ്പുമന്ത്രിയും, അന്നത്തെ വനം വകുപ്പുമന്ത്രിയും പലപ്രാവശ്യം കോൺഫറൻസ് വിളിച്ചു. ഈ കമ്പനിയുടെ സാമ്പത്തിക സ്ഥിതിയും ടെക്സ്റ്റൈൽ വ്യവസായ മേഖലയിലെ പ്രതിസന്ധിയും കാരണം കമ്പനി തുറക്കാൻ പറ്റില്ല എന്ന നിലപാടാണ് എടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ നിലയ്ക്ക് ഞാൻ തന്നെ തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കോൺഫറൻസ് വിളിച്ചുകൂട്ടാം. ഏതെങ്കിലും വിധത്തിൽ അത് തുറപ്പിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കാം.

(2) ഏഴിമല നാവിക അക്കാഡമിക്കുവേണ്ടി അക്വയർ ചെയ്ത ഭൂമിയുടെ അവാർഡുതുക കുറവാണെന്ന പരാതി

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ഈ സഭയിൽത്തന്നെ ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു സബ്മിഷൻ ഞാൻ അവതരിപ്പിച്ചിട്ടുള്ളതാണ്. ഏഴിമല നാവിക അക്കാദമി പ്രദേശത്തുള്ള ആയിരത്തിലധികം വരുന്ന ഭൂ ഉടമകളെ പ്രതിനിധീകരിച്ചുകൊണ്ട് അവിടത്തെ കൃഷിക്കാർ നിരാഹാര സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ന്യായമായി ലഭിക്കേണ്ടുന്ന അവാർഡ് തുക ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് അവർ സമരം നടത്തുന്നത്. 2800 ഓളം ഏക്കർ ഭൂമിയാണ് 1983-ൽ ഗവൺമെന്റ് ഏറ്റെടുത്തത്. അക്വിസിഷൻ സമയത്ത് ഭൂ ഉടമകൾക്ക് വളരെ തുച്ഛമായിട്ടുള്ള തുകയാണ് നഷ്ടപരിഹാരമായി നൽകിയിരുന്നത്. കേരള ലാന്റ് അക്വിസിഷൻ ആക്ട്, 28 (എ) വകുപ്പു പ്രകാരം അവാർഡ് തുക വർദ്ധിപ്പിക്കുന്നതിന് ആയിരക്കണക്കിന് നിർദ്ധനരായ ഗ്രാമീണർ അപേക്ഷ നൽകി കാത്തിരിപ്പ് തുടങ്ങിയിട്ട് 21 വർഷം കഴിഞ്ഞു. ലാന്റ് അക്വിസിഷൻ നടപടികൾക്കുവേണ്ടി ഏർപ്പെടുത്തിയ ആറ് ഓഫീസുകളും അടച്ച് പൂട്ടി ഫയലുകൾ തലശ്ശേരി ലാന്റ് അക്വിസിഷൻ തഹസീൽദാർക്ക് ഇപ്പോൾ കൈമാറിയിരിക്കുകയാണ്. ഈ ഓഫീസ് രാമൻതളിയിൽനിന്ന് തൊണ്ണൂറ് കിലോമീറ്റർ അകലെ ആയതിനാൽ നിർദ്ധനരായ ഗ്രാമീണർക്ക് നിരന്തരം ബന്ധപ്പെടാനും കഴിയുന്നില്ല. അതുകൊണ്ട് ഞാൻതന്നെ ഈ പ്രശ്നം ഇതിനുമുൻപും ചോദ്യം മുഖേനയും സബ്മിഷനായും ഈ സഭയിൽ ഉന്നയിച്ചതാണ്. അപ്പോഴൊക്കെ ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി അവർക്ക് കൊടുക്കേണ്ട ന്യായമായ തുക കൊടുക്കുമെന്ന് മറുപടിയും പറഞ്ഞിരുന്നതാണ്. പക്ഷെ നിവൃത്തിയില്ലാതെ ജനങ്ങൾ വീണ്ടും നിരാഹാര സമരത്തിലേക്ക് വലിച്ചിഴയ്ക്കപ്പെട്ടിരിക്കുകയാണ്. രാജ്യ സുരക്ഷയെക്കരുതി ദേശാഭിമാനബോധമുള്ള ജനങ്ങൾ അവരുടെ ജീവിതകാല സമ്പാദ്യം മുഴുവനും നൽകിയിട്ടും അതിന് അർഹമായ അംഗീകാരം ഇനിയും ലഭിക്കാത്തത് അങ്ങേയറ്റം ഗൗരവമുള്ള പ്രശ്നമായതിനാൽ, എൽ.എ. ആക്ട് 28 (എ) വകുപ്പു പ്രകാരം സമർപ്പിച്ച അപേക്ഷയിൻമേൽ അനുകൂലമായിട്ടുള്ള തീർപ്പ് കൽപ്പിക്കാൻ അടിയന്തിര നിർദ്ദേശം നൽകണമെന്നും അവർക്ക് കിട്ടേണ്ട നഷ്ടപരിഹാര തുക എത്രയും പെട്ടെന്ന് നൽകുന്നതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിച്ച് നിരാഹാര സമരം അവസാനിപ്പിക്കുന്നതിന് ഗവൺമെന്റ് തന്നെ മുൻകൈയെടുക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly